# കേരള നിയമസഭ
# 17.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 17, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിനുള്ള നീക്കം

*781 ശ്രീ. ബാബു എം. പാലിശ്ശേരി
,, എ. കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ ഏക ഡീസൽ ലോക്കോഷെഡ് അടച്ചുപൂട്ടാൻ നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

(ഇ) കേരളത്തിൽ ഡീസൽ ലോക്കോഷെഡ് നിലനിർത്തിക്കൊണ്ട് ഇലക്ട്രിക് ഷെഡ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>പ്രൈവറ്റ്, പബ്ലിക് പാർട്ടിസിപ്പേഷൻ വ്യാവസായിക പദ്ധതികൾ</u>

*782 ശ്രീ.അൻവർ സാദത്ത്
'' എ. റ്റി. ജോർജ്
'' റ്റി. എൻ. പ്രതാപൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പ്രൈവറ്റ്, പബ്ലിക് പാർട്ടിസിപ്പേഷൻ പദ്ധതികൾ തുടങ്ങുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമായി ചേർന്നാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>കേരളത്തിന്റെ വൈദ്യുതി ഉപഭോഗം</u>

*783 ശ്രീ. എം. ഹംസ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വൈദ്യുതി ഉപഭോഗം 2020 ആകുമ്പോൾ എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് പര്യാപ്തമായ നിലയിൽ ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം 53 മെഗാവാട്ട് ശേഷിയുള്ള അഞ്ച് ചെറിയ ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവ ഏതെല്ലാമെന്നും ഇവയുടെ ഘടന എന്തെന്നും വ്യക്തമാക്കുമോ;

(ഇ) സൗരോർജ്ജം, കാറ്റ് തുടങ്ങിയവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ അതിന്റെ വിശദാംശം എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>റെയിൽപ്പാതകൾ ഇരട്ടിപ്പിക്കൽ</u>

*784 ഡോ: കെ. ടി. ജലീൽ
ശ്രീ. റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽപ്പാതകൾ ഇരട്ടിപ്പിക്കൽ ജോലികൾക്കായി റെയിൽവെ മന്ത്രാലയം അനുവദിച്ചതിൽ 70 കോടി രൂപ തിരിച്ചു നൽകിയ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ലൈൻ ഇരട്ടിപ്പിക്കുന്നതിന് ആവശ്യമായ മണ്ണ് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കാത്തതു മൂലമാണ് നിലവിലുള്ള കോൺട്രാക്ട് റദ്ദ് ചെയ്ത് ഫണ്ട് തിരിച്ചു നൽകിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനും പാത ഇരട്ടിപ്പിക്കുന്നതിനാവശ്യമായ മണ്ണ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്</u>

*785 ശ്രീ. എം. ചന്ദ്രൻ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക് തുടങ്ങുന്നതിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന് വേണ്ടി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥലം തണ്ണീർത്തടങ്ങളും പാടങ്ങളും ഉൾപ്പെടുന്നതാകയാൽ പുതിയ രൂപരേഖ തയ്യാറാക്കാൻ ജില്ലാഭരണകൂടം നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഇ) ആമ്പല്ലൂരിലെ സ്ഥലം ഏറ്റെടുക്കുന്ന നടപടി തൽക്കാലം നിർത്തിവെക്കാൻ ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>മൾട്ടി ലെവൽ മാർക്കറ്റിംഗ് മുഖേന മണിചെയിൻ പരിപാടി നടപ്പാക്കുന്ന കമ്പനികൾ</u>

*786 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, സി. കൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണിചെയിൻ സംവിധാനം മൾട്ടി ലെവൽ മാർക്കറ്റിംഗ് മുഖേന നടപ്പാക്കി ചില കമ്പനികൾ ജനങ്ങളെ വഞ്ചിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കമ്പനികളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവെയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) ഇത്തരം മൾട്ടി ലെവൽ മാർക്കറ്റിംഗ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഇതിനായി തയ്യാറാക്കിയ കരടുബില്ലിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>വിലനിലവാരം നിയന്ത്രിക്കുവാന്‍ കണ്‍സ്യൂമര്‍ഫെഡ് കര്‍മ്മ പരിപാടികള്‍</u>

*787 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതു വിപണിയിലെ വിലനിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങള്‍ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനും കണ്‍സ്യൂമര്‍ഫെഡ് എന്തെല്ലാം കര്‍മ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകളാണ് പ്രവര്‍ത്തിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആരുടെ നേതൃത്വത്തിലാണ് ഇത്തരം സ്റ്റോറുകള്‍ പ്രവര്‍ത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത്തരം സ്റ്റോറുകള്‍ക്ക് എന്തെല്ലാം ധനസഹായമാണ് നല്‍കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

ഹൗസിംഗ് ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

*788 ശ്രീ. എ. പ്രദീപ്കുമാർ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ഹംസ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) സാമ്പത്തിക ബാധ്യത തീർക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഹഡ്കോയുടെ കുടിശ്ശിക തീർക്കുന്നതിനായി ഹൗസിംഗ് ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് സ്വകാര്യമേഖലയുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുവാൻ ഹൗസിംഗ് ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.07.2013–ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള വ്യവസായ സ്ഥാപനങ്ങളെ ഉദ്ധരിക്കാൻ നടപടി</u>

*789 ശ്രീ. സി. കൃഷ്ണൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച കാസർഗോഡ് സ്പിന്നിംഗ് മിൽ തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് കുടിശികയുടെ പേരിൽ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം സജീവമാക്കുന്നതിനും അടച്ചുപൂട്ടൽ ഭീഷണി ഒഴിവാക്കുന്നതിനുമായി വൈദ്യുതി ബോർഡുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) വൈദ്യുതി ചാർജിനത്തിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഇളവുകൾ അനുവദിച്ച് സ്ഥാപനങ്ങൾ സുഗമമായി നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് നൽകി പ്രതിസന്ധി തരണം ചെയ്യാൻ സഹായിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.07.2013–ലെ മറുപടിക്ക്

### സമഗ്ര ഇലക്ട്രോണിക് ഡാറ്റാബേസ്

*790 ശ്രീ. കെ. അച്ചുതന്‍
'' ഡൊമിനിക് പ്രസന്റേഷന്‍
'' പി. എ. മാധവന്‍
'' കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളില്‍ സമഗ്ര ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ലോഫ്ളോർ ബസുകൾ

*791 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പി.കെ. ഗുരുദാസൻ
,, കെ. രാധാകൃഷ്ണൻ
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൻറം പദ്ധതി പ്രകാരം ഉള്ള ലോഫ്ളോർ ബസ്സുകൾ ദീർഘദൂര സർവ്വീസുകൾ നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ;

(ബി) അല്ലെങ്കിൽ ഇപ്രകാരം സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച ഹൈക്കോടതി കേസിൽ കെ.എസ്.ആർ.ടി.സി.യോട് വിശദീകരണം ആരാഞ്ഞിരുന്നോ;

(ഡി) എങ്കിൽ ഇതിന് എന്തു മറുപടിയാണ് നൽകിയതെന്ന് വിശദമാക്കാമോ;

(ഇ) തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് നഗരഗതാഗതത്തിന് അനുവദിച്ച ഈ ബസ്സുകൾ ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 17.07.2013–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം</u>

*792 ശ്രീ. വി.റ്റി.ബൽറാം
,, കെ.ശിവദാസൻ നായർ
'' പി.എ.മാധവൻ
'' എം.എ.വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

**ടെക്സ്റ്റൈൽ മേഖലയെ ശക്തിപ്പെടുത്താൻ കർമ്മപരിപാടികൾ**

*793 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ മേഖലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങളെന്തെല്ലാം;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് റൂറൽ അപ്പാരൽ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാത</u>

*794 ശ്രീ. എളമരം കരീം
,, എം.എ. ബേബി
,, കെ. രാധാകൃഷ്ണൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാതയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) അതിവേഗ റെയിൽപ്പാതയുടെ ഫീൽഡ് സർവ്വേ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) അതിവേഗ റെയിൽപ്പാതയുടെ മേധാവിയായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്നും കൊച്ചി മെട്രോ അഡ്വൈസർ ശ്രീ. ശ്രീധരനെ എം.ഡി.യാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) പ്രാഥമിക റിപ്പോർട്ട് അനുസരിച്ച് എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനായി സർവ്വകക്ഷി യോഗം ചേർന്നിരുന്നോ;

(ജി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.07.2013–ലെ മറുപടിക്ക്

**കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ മിനറൽ വാട്ടർ വിപണനം**

*795 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ മിനറൽ വാട്ടർ വിപണനം ചെയ്യുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) വിപണനം സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്?

## കേരള നിയമസഭ
## 17.07.2013–ലെ മറുപടിക്ക്

<u>സ്പീഡ് ഐ.റ്റി പദ്ധതി</u>

*796 ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മര്‍
,, കെ. എം. ഷാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്പെഷ്യല്‍ പോസ്റ്റ് ഗ്രാഡ്വേറ്റ് എഡ്യുക്കേഷന്‍ എക്സ്പാന്‍ഷന്‍ ഡ്രൈവ് ഇന്‍ ഐ.റ്റി. (സ്പീഡ് ഐ.റ്റി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(ബി) ഇതുപ്രകാരം എത്ര കുട്ടികള്‍ക്കാണ് ഉപരിപഠനസൗകര്യം ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**17.07.2013-ലെ മറുപടിക്ക്**

<u>സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധനം നൽകുന്ന പദ്ധതി</u>

*797 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘം/സഹകരണ ബാങ്കുകൾക്ക് ഓഹരി മൂലധനം നൽകാൻ സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംഘങ്ങളുടെയും ബാങ്കുകളുടെയും പ്രവർത്തനത്തിന് ഈ പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഏജൻസി</u>

*798 ശ്രീ. കെ. വി. വിജയദാസ്
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോ വാട്ടും അതിലധികവും ശേഷിയുള്ള സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാൻ 2011 – 12 സാമ്പത്തിക വർഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇത് നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) ഇതിനായി അനെർട്ട് ഏജൻസികളെ നിശ്ചയിച്ചിരുന്നോ;

(ഇ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഏജൻസികളെ നിശ്ചയിക്കുന്നതിന് അനെർട്ട് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) അനെർട്ട് ഇക്കാര്യത്തിൽ അംഗീകരിച്ച ഏജൻസികളുടെയും ഇതിനായി അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളുടെയും ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) അനെർട്ട് അംഗീകരിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നുവെന്നും അപേക്ഷ നിരസിക്കുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

സബ്സ്റ്റേഷനുകളുടെയും പവര്‍ഹൗസുകളുടെയും പരിസര പ്രദേശത്ത് സൗരോര്‍ജ്ജ പ്ലാന്റുകള്‍

*799 ശ്രീ. എ. കെ. ബാലന്‍
'' എളമരം കരീം
'' കെ. കെ. ജയചന്ദ്രന്‍
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിന്റെ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും പവര്‍ഹൗസുകളുടെയും പരിസരപ്രദേശത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളില്‍ സൗരോര്‍ജ്ജ പ്ലാന്റുകള്‍ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നടപ്പു സാമ്പത്തികവര്‍ഷം എന്തെല്ലാം നടപടികള്‍ പ്രഖ്യാപിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സബ്സ്റ്റേഷനുകളുടെയും പവര്‍ഹൗസുകളുടെയും പരിസരപ്രദേശത്താണ് പ്ലാന്റുകള്‍ സ്ഥാപിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്നും ഇത് നടപ്പിലാക്കുന്നത് ബോര്‍ഡ് നേരിട്ടാണോയെന്നും വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യപങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>നേമം കോച്ച് യാർഡ് പദ്ധതി</u>

*800 ശ്രീ. എ. കെ. ശശീന്ദ്രൻ
 ,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ റെയിൽവേ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നേമം കോച്ച് യാർഡ് പദ്ധതിയുടെ പുരോഗതി എത്രത്തോളമായെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ഡിവിഷണൽ ഓഫീസിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം നേമം കോച്ച് യാർഡ് പദ്ധതിയ്ക്ക് എതിരായി പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(ഡി) വാർഷിക അറ്റകുറ്റപ്പണിക്കായി ട്രിച്ചിയ്ക്ക് അയയ്ക്കുന്ന കോച്ചുകൾക്കാനുപാതികമായി പുതിയ കോച്ചുകൾ കിട്ടാറില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളാ എക്സ്പ്രസ്, കുർള തുടങ്ങി പല പ്രധാന തീവണ്ടികളിലും ആവശ്യത്തിനുള്ള കോച്ചുകൾ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ.സി. ടിക്കറ്റെടുത്തവരെ സ്ലീപ്പർ, ജനറൽ കോച്ചുകളിൽ കയറ്റി വിടുന്ന സംഭവം ഉന്നതങ്ങളിൽ അറിയിച്ചിട്ടുണ്ടോ;

(എഫ്) പുതിയ കോച്ചുകൾ കിട്ടാത്തതിനെക്കുറിച്ചും, കോച്ചു ക്ഷാമത്തിന് നടപടി സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എം.എൽ.എമാർ ഉൾപ്പെടുന്ന ഒരു നിവേദക സംഘത്തെ ബഹു. റെയിൽവേ വകുപ്പ് മന്ത്രിയെ കാണുന്നതിനായി അയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

ക്ലൗഡ് ബേസ്ഡ് കമ്പ്യൂട്ടിംഗ്

*801 ശ്രീ. കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, സണ്ണി ജോസഫ്

വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലൗഡ് ബേസ്ഡ് കമ്പ്യൂട്ടിംഗ് വ്യാപിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ 500 മെഗാവാട്ട് വൈദ്യുതി നിലയം</u>

*802 ശ്രീ. എസ്. ശർമ്മ
,, കോടിയേരി ബാലകൃഷ്ണൻ
,, എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരത് പെട്രോളിയം കെമിക്കലിൽ നിന്നും ലഭ്യമാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ 500 മെഗാവാട്ട് വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമുള്ളതെന്നും അത് എവിടെയാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി 'ഇൻകലി'നെക്കൊണ്ട് നടപ്പാക്കാനുള്ള നിർദ്ദേശം വ്യവസായ വകുപ്പു നൽകിയിട്ടുണ്ടോ ; എങ്കിൽ വൈദ്യുതി പദ്ധതി വ്യവസായ വകുപ്പിന്റെ കീഴിലുള്ള 'ഇൻകലി'നെക്കൊണ്ട് നടത്തിക്കുന്നതിന് വൈദ്യുതി ബോർഡിന്റെയും വകുപ്പിന്റെയും നിലപാട് വ്യക്തമാക്കാമോ ;

(എഫ്) ഈ പദ്ധതി നിർദ്ദേശത്തിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം എന്താണെന്ന് അറിയാമോ ;

(ജി) പ്രസ്തുത പദ്ധതി സംബന്ധിച്ച് നടത്തിയ ചർച്ചയിൽ വൈദ്യുതി വകുപ്പ് പ്രതിനിധികൾ പങ്കെടുത്തിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതികൾക്കായി ലഭിച്ചിട്ടുള്ള ഭൂമിയുടെ സർവ്വെ</u>

*803 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ഉബൈദുള്ള
,, കെ.എം. ഷാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികൾക്കായി വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ ലഭിച്ചിട്ടുള്ള ഭൂമിയുടെ സർവ്വെ നടത്തിയിട്ടുണ്ടോ; കൈമാറി ലഭിച്ചിട്ടുള്ളത് എത്ര ഭൂമിയാണെന്നതിന്റെ വിശദവിവരം നൽകാമോ;

(ബി) ഇതിലേതെങ്കിലും ഭാഗത്ത് കൈയ്യേറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പദ്ധതി ആവശ്യത്തിനായി വിട്ടുകിട്ടിയ ഭൂമിയുടെ ഏതെങ്കിലും ഭാഗം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറിയിട്ടുണ്ടോ?

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിൽ നിയന്ത്രണം</u>

*T-804 ശ്രീ. കെ. എൻ. എ. ഖാദർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ അടിക്കടിയുള്ള വില വർദ്ധനവും, അവയുടെ ദൗർലഭ്യവും കൂടിച്ചേർന്ന് ഗുരുതരമാക്കുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയുടെ സുരക്ഷ മുൻ നിർത്തി എന്തെങ്കിലും നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇവയുടെ ഉപഭോഗത്തിൽ നിയന്ത്രണം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പ് പുനഃസംഘടിപ്പിക്കാൻ പദ്ധതി</u>

*805 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സഹകരണ മേഖലയുടെ വളർച്ചയ്ക്ക് അനുസൃതമായി പുനഃസംഘടിപ്പിക്കുവാൻ എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2013–ലെ മറുപടിക്ക്

ഓട്ടോ ഡ്രൈവർമാർക്കായി ഐഡന്റിറ്റി കാർഡ്

*806 ശ്രീ. വി. ശിവൻകുട്ടി
,, സി. കെ. സദാശിവൻ
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോ ഡ്രൈവർമാർക്കായി ഏർപ്പെടുത്തിയ ഐഡന്റിറ്റി കാർഡ് വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും എന്നത്തേക്ക് നടപടികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ;

(സി) മീറ്റർ ഉപയോഗിക്കാതിരിക്കുക, അമിത ചാർജ് ഈടാക്കുക, ഹ്രസ്വദൂരം യാത്ര പോകാതിരിക്കുക തുടങ്ങി ഓട്ടോ ഡ്രൈവർമാർക്കെതിരെയുള്ള പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഡ്രൈവർമാരുടെ ചിത്രം ഉൾപ്പെടെയുള്ള വിവരങ്ങൾ യാത്രക്കാർക്ക് ലഭിക്കുന്നതിന് ഐഡന്റിറ്റി കാർഡ് സംവിധാനം നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.07.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ</u>

*807 ശ്രീ. ബി. ഡി. ദേവസ്സി
,, എസ്. ശർമ്മ
,, സാജു പോൾ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ രൂപരേഖ പ്രകാരം എത്ര കിലോമീറ്ററാണ് മെട്രോ സർവീസ് നടത്തുകയെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നാം ഘട്ടം പൂർത്തിയാക്കിയതിന് ശേഷം മെട്രോ സർവീസ് എത്ര കിലോമീറ്റർ കൂടി ഏതെല്ലാം സ്ഥലങ്ങളിലേക്ക് ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇതു സംബന്ധിച്ച് പഠനം നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഇ) കൊച്ചി മെട്രോ മൂന്ന് വർഷത്തിനകം പൂർത്തിയാക്കാമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

കാർഷിക സംസ്കരണ മേഖല ശക്തിപ്പെടുത്താൻ കർമ്മ പദ്ധതികൾ

*808 ശ്രീ. വി. പി. സജീന്ദ്രൻ
'' വി. റ്റി. ബൽറാം
'' ഹൈബി ഈഡൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലുള്ള കാർഷിക സംസ്കരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) നിലവിലുള്ള പ്രോസസിംഗ് യൂണിറ്റുകളിൽ ആധുനിക മെഷിനറി സ്ഥാപിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് ഇവ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2013–ലെ മറുപടിക്ക്

<u>ശമ്പളം ബാങ്ക് അക്കൗണ്ട് വഴിയാക്കുന്ന നടപടി</u>

*809 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം ഓരോരുത്തരുടെയും ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത് പൂർണ്ണ തോതിലായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) പൂർണ്ണമായും ശമ്പളം ബാങ്ക് അക്കൗണ്ട് വഴിയാക്കുന്ന നടപടി എന്ന് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2013-ലെ മറുപടിക്ക്

<u>ഉൽപ്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി</u>

*810 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന ബാങ്കുകൾ മുഖേന ഉൽപ്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഉൽപ്പാദന മേഖലകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംരംഭ ലോണിന്റെ തുകയും, തിരിച്ചടവിനുള്ള കാലാവധിയും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂലായ് 8.

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്
[ചട്ടം 47(1)].